**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **10-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ട്രാവൽ മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേരള ട്രാവൽ മാർട്ട് പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള ട്രാവൽ മാർട്ട് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ഒരു ടൂറിസം ഡെസ്റ്റിനേഷൻ പ്രൊമോഷൻ പരിപാടിയാണ് കേരള ട്രാവൽ മാർട്ട്. കേരള ട്രാവൽ മാർട്ടിന്റെ പന്ത്രണ്ടാമത് എഡിഷൻ സെപ്റ്റംബർ 26 മുതൽ 29 വരെ കൊച്ചിയിൽ നടന്നു. 75 രാജ്യങ്ങളിൽ നിന്നായി 804 വിദേശ ബയർമാരും രാജ്യത്തെ 25 സംസ്ഥാനങ്ങളിൽ നിന്നായി 2040 തദ്ദേശീയ ബയർമാരും ടി മാർട്ടിൽ പങ്കെടുക്കുകയുണ്ടായി. 347 സെല്ലർ സ്റ്റാളുകളും 25 സർക്കാർ, സ്റ്റാളുകളും ഈ വർഷത്തെ KTM ൽ ഉണ്ടായിരുന്നു . 75000 - ഓളം ബിസിനസ്സ് കൂടിക്കാഴ്ചകളാണ് KTM 2024 ൽ ഉണ്ടായിരുന്നത്. സർക്കാരിന്റെ കൂടി സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നടത്തുന്ന ഒരു വിപണന പ്രചരണ പരിപാടിയാണ് കേരള ട്രാവൽ മാർട്ട്. സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് കേരള ട്രാവൽ മാർട്ട് പങ്കു വഹിക്കുന്നുണ്ട്. |
| (ബി) | ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി നൂതനവും കാലികവുമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:-<br><br>കേരളത്തിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന പ്രചരണ പരിപാടിയാണ് **"എന്റെ കേരളം എന്നും സുന്ദരം"**. ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ പ്രചരണ പരിപാടിയിലൂടെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ടൂറിസം കേന്ദ്രങ്ങളെ പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. സെലിബ്രിറ്റികൾ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സ് തുടങ്ങിയവരുടെ സഹകരണവും ഈ പ്രചരണ പരിപാടിയിൽ |

ഉറപ്പുവരുത്തിയിരിക്കുന്നു. വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള വിവിധ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**ഡെസ്റ്റിനേഷൻ ചലഞ്ച് :-** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിലൂടെ ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**നൈറ്റ് ലൈഫ്:-** വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയെ നൈറ്റ് ലൈഫ് കേന്ദ്രമാക്കി വികസിപ്പിച്ചു. നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തി. കോഴിക്കോടിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കാനുള്ള പദ്ധതിക്കും അനുമതി നൽകി. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

**കാരവൻ ടൂറിസം**:- കോവിഡാനന്തരം, കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചു ചാട്ടമുണ്ടാക്കുന്നതിനായി നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവാൻ ടൂറിസം. സുരക്ഷിത ടൂറിസം, നവീനമായ ടൂറിസം അനുഭവം എന്നിവ ലക്ഷ്യമാക്കിയാണ് കാരവാൻ ടൂറിസത്തിന് തുടക്കമിട്ടത്. കാരവാൻ പാർക്കുകൾ, ടൂറിസം കാരവാനുകൾ എന്നിങ്ങനെ രണ്ട് ഘടകങ്ങളാണ് പ്രധാനമായും കാരവാൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുന്നത്. കാരവൻ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാരവന്റെ സബ്സിഡികൾ നൽകുന്നു. കെ.ടി.ഡി.സി യുടെ നേതൃത്വത്തിൽ കാരവൻ പാർക്കുകൾ നിർമ്മിക്കുന്ന നടപടികൾ സ്വീകരിക്കുന്നു.

**ഹെലി ടൂറിസം**:- കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് വേഗത്തിൽ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിപ്പെടാനും മനോഹരമായ ആകാശ കാഴ്ചകൾ ആസ്വദിക്കുവാനും കേരള ടൂറിസം

നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് ഹെലി ടൂറിസം. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ അടുത്തുകിടക്കുന്ന പ്രദേശങ്ങളിൽ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളതോ അല്ലെങ്കിൽ എളുപ്പത്തിൽ പ്രവർത്തനക്ഷമമാകാവുന്നതോ ആയ ഹെലിപാഡുകൾ ഒരുക്കുവാനുള്ള സ്ഥലസൗകര്യം കോർത്തിണക്കിക്കൊണ്ട് ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാനുള്ള ഒരു ചുവടുവെപ്പ് ആണ് ഈ പദ്ധതി.

**ഉത്തരവാദിത്ത ടൂറിസം:-** ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ടൂറിസം ഫെസ്റ്റിവൽ, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം, പൈതൃക ടൂറിസം, ആക്സ്സിബിൾ ടൂറിസം എന്നിവ നടപ്പിലാക്കി വരുന്നു.

**അഡ്വഞ്ചർ ടൂറിസം** :- പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചുകൊണ്ട് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതോടൊപ്പം ജലസാഹസിക വിനോദസഞ്ചാര പദ്ധതികളും നടപ്പിലാക്കി വരുന്നു. ബീച്ചുകളിൽ നടപ്പിലാക്കിയ ഫ്ലോട്ടിംഗ് ബ്രിഡ്ജ് പദ്ധതി ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ്. ഗ്ലാസ്സ് ബ്രിഡ്ജ് പോലുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികളും നടപ്പിലാക്കി വരുന്നു.

**സിനിമ ടൂറിസം:-** പ്രശസ്ത സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകൾ നിലനിർത്തിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാരവകുപ്പ് സിനിമ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രകൃതിസുന്ദരമായ ഒട്ടേറെ സ്ഥലങ്ങൾ വിവിധ സിനിമകളുടെ ഭാഗമായിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ വിനോദസഞ്ചാര പ്രദേശങ്ങളായി അടയാളപ്പെടുത്തുവാനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

**മൊബൈൽ ആപ്പ്:-** സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ

| | | | |
|---|---|---|---|
| | | | നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.<br><br>സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് ടൂറിസം വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തനതു രുചികൾ പരിചയപ്പെടുത്താൻ അവസരം ഒരുക്കിയിട്ടുണ്ട്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണം എന്ന് നിഷ്കർഷിക്കാറുണ്ട്. ഇതോടൊപ്പം വൈവിധ്യമാർന്ന പ്രചരണ പരിപാടികളും കേരള ടൂറിസം സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ